# സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം

## സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി- മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ

**(ഹാജർ: അനുപമ T.V IAS ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ് )**

വിഷയം :- വനിതാ ശിശു വികസന വകുപ്പ്- ICPS - കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശൂർ, പാലക്കാട് ,മലപ്പുറം, കോഴിക്കോട് ,വയനാട് ,കണ്ണൂർ, കാസർഗോഡ് CWC മെമ്പർമാരുടെ 2020-21 സാമ്പത്തിക വർഷത്തെ സിറ്റിംഗ് ഫീസ് അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: 1. F.No.CW-II-22/30/2015-CW-II dtd:28.01.2021

2. കൊല്ലം,പത്തനംതിട്ട,ആലപ്പുഴ,കോട്ടയം,ഇടുക്കി,തൃശൂർ,പാലക്കാട്,മലപ്പുറം,കോഴിക്കോട്,വയനാട്,കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാരുടെ അപേക്ഷ

**_ഉത്തരവ് നമ്പർ_– ICPS-4(B)/1339/20 _തീയതി_:10.03.2021**

വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ജില്ലാ ഘടകങ്ങളിലെ CWC മെമ്പർമാർക്ക് 2020-21 സാമ്പത്തിക വർഷത്തെ സിറ്റിംഗ് ഫീസ് അനുവദിച്ച് നൽകണമെന്ന് പരാമർശ (2) പ്രകാരം ബന്ധപ്പെട്ട ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ അപേക്ഷിച്ചിരിക്കുന്നു.ഒരു CWC മെമ്പർക്ക് ഒരു മീറ്റിംഗിന് 1500/- രൂപ നിരക്കിൽ മീറ്റിംഗ് നടത്തുന്നതിന് അനുമതിയുണ്ട്.നടപ്പ് സാമ്പത്തിക വർഷം പരാമർശം (1) പ്രകാരം ഇതിലേക്കായി ഫണ്ട് അനുവദിച്ച് ലഭ്യമായിട്ടുണ്ട്.ഇതു പ്രകാരം ഒരു ജില്ലയ്ക്ക് പരമാവധി 21,60,000/- രൂപയാണ് ചെലവഴിക്കുവാൻ അനുമതിയുള്ളത്. ഈ സാഹചര്യത്തിൽ സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്ന കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ CWC അംഗങ്ങൾക്ക് 2021 ഫെബ്രുവരി മാസം വരെയുള്ള സിറ്റിംഗ് ഫീസ് നൽകുന്നതിനായി 62,89,500/- രൂപ (അറുപത്തി രണ്ട് ലക്ഷത്തി എൺപത്തിഒൻപതിനായിരത്തി അഞ്ഞൂറു രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

| Sl.No | District | CWC Amount |
|---|---|---|
| 1 | Kollam | 663500 |
| 2 | Pathanamthitta | 400000 |
| 3 | Alappuzha | 218000 |
| 4 | Kottayam | 685500 |
| 5 | Idukki | 1172000 |
| 6 | Thrissur | 260000 |
| 7 | Palakkad | 450000 |
| 8 | Malappuram | 450000 |
| 9 | Kozhikode | 500000 |
| 10 | Wayanad | 445500 |
| 11 | Kannur | 500000 |
| 12 | Kasargod | 545000 |
| | Grant Total | 62,89,500 |

ടി തുക 62,89,500/- രൂപ (അറുപത്തി രണ്ട് ലക്ഷത്തി എൺപത്തി ഒൻപതിനായിരത്തി അഞ്ഞൂറു രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ ഐ.സി.പി.എസ്-ന്റെ ശീർഷകമായ 2235-02-102-61(P)-34 OC-ൽ നിന്നും കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശൂർ,

പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരുടെ പേരിൽ അലോട്ട്മെന്റ് ആയി അനുവദിക്കേണ്ടതാണ്.

വനിതാ ശിശു വികസന ഓഫീസർമാർ തുക ബന്ധപ്പെട്ട ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്ക് അലോട്ട്മെന്റ് ആയി അനുവദിക്കേണ്ടതും, ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ മാനദണ്ഡങ്ങൾക്ക് വിധേയമായി തുക ബന്ധപ്പെട്ട CWC, അംഗങ്ങൾക്ക് അനുവദിച്ച് നൽകേണ്ടതുമാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ ടി തുക ICPS മാർഗ്ഗനിർദേശങ്ങൾ പ്രകാരം ചെലവഴിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതും,തുക കൈപ്പറ്റിക്കൊണ്ടുള്ള രസീത്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, CWC, മെമ്പർമാരുടെ പേര്, സിറ്റിംഗുകളുടെ എണ്ണം എന്നിവ സഹിതമുള്ള വിശദമായ എക്സ്പെൻഡിചർ സ്റ്റേറ്റ്മെന്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)
വനിതാ ശിശു വികസന ***ഡയറക്ടർ*** &
മെമ്പർ സെക്രട്ടറി SCPS

ബന്ധപ്പെട്ട ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക്
ബന്ധപ്പെട്ട ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്ക്

**പകർപ്പ്:**

1.സൂപ്രണ്ട് A സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിന് വേണ്ടി)
2.ICPS-4
3.സ്റ്റോക്ക് ഫയൽ
4.വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM-12
WOMEN & CHILD DEVELOPMENT DEPARTMENT